**ഏഴാം സ്കന്ദം ആരംഭം**

ജയകാലേ തു സത്വസ്യ ദേവർഷീൻ രജസോ*f*സുരാൻ
തമസോ യക്ഷരക്ഷാംസി തത് കാലാനുഗുണോ*f*ഭജത് **(7-1-8)**
കാമാദ്വേഷാദ് ഭയാത് സ്നേഹാദ് യഥാഭക്ത്യേശ്വരേ മനേ:
ആവേശ്യ തദഘം ഹിത്വാ ബഹവസ്തദ് ഗതിം ഗതാ: **(7-1-29)**
ഗോപ്യ: കാമാദ്ഭയാത് കംസോ ദ്വേഷാച്ചൈദ്യാദയോ നൃപാ:
സംബന്ധാദ് വൃഷ്ണയ: സ്നേഹാദ്യൂയം ഭക്ത്യാ വയം വിഭോ **(7-1-30)**

പരീക്ഷിത്ത് രാജാവ് ചോദിച്ചു: ഭഗവാൻ ഇന്ദ്രനുവേണ്ടി രാക്ഷസന്മാരെ നിഗ്രഹിച്ചു എന്ന് പറഞ്ഞുവല്ലോ. ഭഗവാൻെറ നിഷ്പക്ഷതക്ക് യോജിച്ച കാര്യമല്ലല്ലോ ഇത് ?.

ശുകമുനി പറഞ്ഞു: ഭഗവാൻ തീർച്ചയായും നിഷ്പക്ഷമതി തന്നെ. പ്രകൃതിഗുണങ്ങളാലാണ് വിശ്വം രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നത്. ഭഗവൽപ്രഭയിലാണ് ഈ ഗുണങ്ങൾ പ്രവർത്തനോന്മുഖമാവുന്നത്. അതുകൊണ്ട് അവയുടെ ദേവതയാണ് ഭഗവാൻ. കാലം കടന്നു പോവുമ്പോൾ ഒന്നല്ലെങ്കിൽ മറ്റൊരു ഗുണം ആധിപത്യം നേടുന്നു. അതനുസരിച്ചും കാലഗതിക്കനുസരിച്ചും സത്വഗുണം ഉന്നതിയിലായിരിക്കുമ്പോൾ ദേവന്മാരുടേയും ഋഷിമാരുടേയും താൽപ്പര്യം പോഷിപ്പിക്കപ്പെടുന്നു. രജോഗുണം ഉന്നതിയിലാവുമ്പോൾ രാക്ഷസൻമാരുടേയും, തമോഗുണം വർദ്ധിക്കുമ്പോൾ ഭൂതപ്രേതപിശാചുക്കളുടേയും താൽപ്പര്യം പോഷിപ്പിക്കുന്നു. ഭഗവാനാകട്ടെ വെറും സാക്ഷിമാത്രമത്രേ. യുധിഷ്ഠിരൻെറ ചോദ്യത്തിനുത്തരമായി നാരദൻ പറഞ്ഞ കാര്യം എന്തെന്ന് കേട്ടാൽ അങ്ങയുടെ സംശയങ്ങൾ ഇല്ലാതാവും.

യുധിഷ്ഠിരൻ പറഞ്ഞു:
മഹാമുനേ, ഭഗവാനെ വെറുക്കുകയും അപമാനിക്കുകയും ചെയ്ത ശിശുപാലൻ, അവസാനം കൃഷ്ണൻെറ കൈകൊണ്ടുതന്നെ വധിക്കപ്പെട്ടുവല്ലോ. ശിശുപാലൻെറ ആത്മാവ് ഭഗവാനിൽ വിലയം പ്രാപിച്ചതായാണ് ഞങ്ങൾ കണ്ടത്. ഭഗവൽനിന്ദ ചെയ്യുന്നവൻെറ നാവിൽ വെള്ള കുഷ്ഠം പിടിക്കും എന്നാണല്ലോ ഞങ്ങൾ കേട്ടിട്ടുള്ളത്. ഇതിൻെറ നിഗൂഢതത്വം എന്തെന്ന് എനിക്ക് മനസ്സിലാവുന്നില്ല. ദയവായി പറഞ്ഞു തന്നാലും.

*നാരദൻ പറഞ്ഞു:* എല്ലാ ജീവജാലങ്ങളും നിർമ്മിക്കപ്പെട്ടിരിക്കുന്നത് പഞ്ചഭൂതങ്ങളാലാണ്. അജ്ഞാനത്താലാണ് ˇ-ഞാൻ, എൻേറത്- എന്നീ സങ്കൽപങ്ങൾ ഉണ്ടാവുന്നത്. അങ്ങിനെയാണ് സുഖദു:ഖങ്ങളും, പുകഴ്ത്തലും, ഇകഴ്ത്തലും, ബഹുമതിയും, അപമാനവും ജീവികൾ അനുഭവിക്കുന്നത്. ഇതെല്ലാം ഭഗവാനിൽ ഇല്ലതന്നെ. അതുകൊണ്ട് ഏതൊരുവൻ ഭഗവാനിൽ മനസുറപ്പിക്കുന്നുവോ, അവൻെറ ഉദ്ദേശം എന്തു തന്നെയായിരുന്നാലും അവന് ഭഗവൽപ്രസാദം ലഭിക്കുന്നു. പലരും ഭഗവാനിൽ മനസ്സുറപ്പിച്ച് പ്രേമം, വെറുപ്പ്, ഭയം, സൗഹൃദം, ഭക്തി എന്നിങ്ങിനെ പല രീതികളിലും പരമസാക്ഷാൽക്കാരം നേടിയിട്ടുണ്ട്. ഗോപികമാർ പ്രേമത്തിലൂടെയും, കംസൻ ഭയത്തിലൂടെയും, ശിശുപാലൻ തുടങ്ങിയവർ വെറുപ്പിലൂടെയും, വൃഷ്ണികൾ ബന്ധുതയിലൂടെയും അങ്ങ് സൗഹൃദത്തിലൂടെയും ഞങ്ങൾ ഭക്തിയിലൂടെയും ഭഗവാനെ പ്രാപിക്കുന്നു. ശിശുപാലനും ദന്തവക്രനും, ഭഗവൽസന്നിധിയിൽ കാവൽക്കാരായിരുന്നു. ഒരു ദിവസം സനൽക്കുമാരന്മാർ ഭഗവൽദർശനത്തിന് ചെല്ലുമ്പോൾ കാവൽക്കാരായ ജയവിജയന്മാർ അവരെ വെറും ബാലന്മാരെന്ന് കരുതി അകത്തേക്ക് കടത്തി വിട്ടില്ല. സൽക്കുമാരന്മാർ അവരെ ശപിച്ചു. “നിങ്ങൾക്ക് വിവേകബുദ്ധി നശിച്ചിരിക്കുന്നു. അതുകൊണ്ട് ഭഗവൽപ്പദമലരുകളെ സേവിക്കാനുള്ള അർഹത ഇല്ലാതായിരിക്കുന്നു. നിങ്ങൾ രാക്ഷസന്മാരായി ജനിക്കട്ടെ.” പിന്നീട് ശാപമോക്ഷാർത്ഥം ഇങ്ങിനെ പറഞ്ഞു: “മൂന്നുജന്മങ്ങൾക്കു ശേഷം നിങ്ങൾക്ക് തിരിച്ച് ഭഗവൽസന്നിധി പൂകാം.” അങ്ങിനെ ഹിരണ്യാക്ഷനും ഹിരണ്യകശിപുവും, രാവണനും കുംഭകർണ്ണനും, ശിശുപാലനും ദന്തവക്രനുമായി മൂന്ന് ജന്മങ്ങൾ അവർ ശത്രുതയോടെ ഭഗവാനെ മനസ്സിൽ നിറച്ച് ഹൃദയം ശുദ്ധീകരിച്ചു. അവസാനം ഭഗവൽസന്നിധിയിലേക്ക് തിരിച്ചു പോവുകയും ചെയ്തു.